*"എല്ലാ കുട്ടികളും പൊതു വിദ്യാലയങ്ങളിലേക്ക്  എന്റെ കുട്ടിയും ;*

*എന്റെ സ്കൂൾ കായണ്ണ ജി.യു.പി.സ്കൂൾ "*

## സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി

## ഗവ.യു.പി.സ്കൂൾ , കായണ്ണ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 -2026

**പേരാമ്പ്ര ഉപജില്ല , താമരശ്ശേരി വിദ്യാഭ്യാസജില്ല, കോഴിക്കോട് ജില്ല**

# ഉള്ളടക്കം

1. ആമുഖം

2. സ്കൂളിന്റെ ചരിത്ര പശ്ചാത്തലം

3. ഉദ്ദേശ്യ ലക്ഷ്യങ്ങൾ

4. മികവിനായി ഏറ്റെടുത്ത അക്കാദമിക തല പ്രവർത്തനങ്ങൾ

5. അക്കാദമികേതര പ്രവർത്തനങ്ങൾ വിശദാംശങ്ങൾ

6. അക്കാദമികതല പ്രവർത്തനങ്ങൾ വിശദാംശങ്ങൾ

# PROFILE

| | | |
|---|---|---|
| Name of School | : | GUPS Kayanna |
| Name of Village | : | Kayanna |
| Name of Cluster | : | Kayanna |
| Name of Panchayath | : | Kayanna |
| Name of Block | : | Perambra |
| Name of BRC | : | Perambra |
| Name of District | : | Kozhikode |
| Name of Subdistrict | : | Perambra |
| Name of HM | : | Prema.N.V |
| Mobile Number | : | 9526114398 |
| Senior Assistant | : | Bindu P.K |
| Email.ID | : | gupskayanna@gmail.com |
| School Code No | : | 47657 |
| Name of Taluk | : | Quilandy |

## ആമുഖം

ജീവിതത്തിന്റെ സമസ്ഥ മേഖലകളും അനുദിനം മാറിക്കൊണ്ടിരിക്കുന്നു. മാറുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെയ്ക്കുന്നത്.

കോഴിക്കോട് ജില്ലയിൽ ജില്ലാ ആസ്ഥാനത്ത് നിന്നും ഏതാണ്ട് മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു മലയോരഗ്രാമ പഞ്ചായത്താണ് കായണ്ണ. ഭൂവിസ്തൃതിയിലും ജനസംഖ്യയിലും സംസ്ഥാനത്തെ ഏറ്റവും ചെറിയ 20 ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് കായണ്ണ. 16.83 ചതുരശ്രകി.മീറ്റർ ചുറ്റളവിലുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യ കേവലം 14000ത്തോളം മാത്രമാണ്. ജനങ്ങളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും ദരിദ്ര കർഷകരുമാണ്. അതുകൊണ്ടുതന്നെ സാമ്പത്തികമായി ഏറ്റവും പുറകിൽ നിൽക്കുന്നവർ തന്നെയാണ് സ്കൂളിലെ ഭൂരിപക്ഷം കുട്ടികളും.

## സ്കൂളിന്റെ ചരിത്രപശ്ചാത്തലം

അഞ്ചാം ജോർജിന്റെ ഭരണകാലത്ത്, വെയിൽസ് രാജകുമാരന്റെ ഇന്ത്യൻ സന്ദർശനവേളയിൽ 1912 ൽ കായണ്ണ ബോർഡ് ബോയ്സ് സ്കൂളിൽ എന്ന പേരിൽ പരേതനായ ചെറുവത്ത് ഈ.സി.രാമൻ നമ്പ്യാർ എന്ന അധികാരിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച് പഴയ മദിരാശി സംസ്ഥാനത്തിലെ കുറുമ്പ്രനാട് താലൂക്കിൽ സ്ഥാപിതമായ ചുരുക്കം ചില സ്കൂളിൽ ഒന്നാണിത്. കായണ്ണ പഞ്ചായത്തിൽ ഇപ്പോഴത്തെ 2-ാം വാർഡിലേക്കുള്ള റോഡിന്റെ ഇരുവശത്തുമായിട്ടാണ് സ്കൂൾ സ്ഥിതി ചെയ്തിരുന്നത്.

1912 ൽ സ്ഥാപിച്ച സ്കൂൾ കെട്ടിടം 50 വർഷത്തിന് ശേഷം ക്ലാസുകൾ നടത്തുവാൻ പറ്റാത്ത അവസ്ഥയിലായി. സ്കൂൾ കായണ്ണ ബസാറിൽ നിന്നും സൗകര്യപ്രദമായ ഒരു സ്ഥലത്തേക്ക് മാറ്റുവാൻ ശ്രമം തുടങ്ങി. അദ്ധ്യാപകരായ മേയന കുഞ്ഞിക്കണാരൻ നായർ, പി.സി.രാഘവൻ നായർ, എൻ.ഉണ്ണി നമ്പ്യാർ, ചന്തപ്പൻ മാസ്റ്റർ, സ്കൂൾ വെൽഫെയർ കമ്മറ്റി പ്രസിഡണ്ടായ കോച്ചേരി കൊയലംകണ്ടി ഗോപാലൻ നായർ എന്നിവരുടെ പരിക്രമഫലമായി 06/06/1996 ൽ 50 സെന്റ് സ്ഥലത്തോടുകൂടി (വാടകയ്ക്ക്) ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്കൂൾ പ്രവർത്തനമാരംഭിച്ചു.

LSS, USS നവോദയ എന്നീ പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. വിദ്യാരംഗം പ്രവർത്തനം സബ്ജില്ലാബാലകലോത്സവം, സംസ്കൃതോത്സവം, അറബി കലോത്സവം എന്നിവയിൽ സജീവമായി പങ്കെടുക്കാറുണ്ട്.

കായണ്ണയിൽ അക്ഷരത്തിന്റെ കൈവിളക്കായി ശോഭിക്കുന്ന ഈ സരസ്വതീ ക്ഷേത്രം അതിന്റെ കർമ്മ മണ്ഡലത്തിൽ 113 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. വിദ്യാലയത്തിന്റെ ചരിത്രം കായണ്ണയിലെ പൊതുസമൂഹം സൃഷ്ടിക്കപ്പെട്ടതിന്റെ ചരിത്രം കൂടിയാണ് . ഡോക്ടർമാർ, എഞ്ചിനിയർമാർ, അദ്ധ്യാപകർ, മാധ്യമപ്രവർത്തകർ എന്നിവരടങ്ങുന്ന ആയിരകണക്കിന് സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി വൈമാനികൻ വരെയുള്ള ശിഷ്യഗണങ്ങൾ ഈ വിദ്യാലയത്തിന്റെ പൈതൃക സമ്പത്ത് തന്നെയാണ്. സ്കൂളിൽ പഠിച്ച 98 വയസ്സുവരെയുള്ള ജീവിച്ചിരിക്കുന്ന പൂർവ്വ വിദ്യാർഥികൾ ഈ ഗ്രാമത്തിൽ ഇപ്പോഴും ഉണ്ട്.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സമഗ്ര ഗുണമേന്മാ പദ്ധതി ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടു വെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

1 മുതൽ 7 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസ രിച്ച് നേടിയിട്ടുണ്ട് എന്ന ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാ കായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം.

- ♦ പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- ♦ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- ♦ കലാകായിക പ്രവൃത്തി പരിചയമികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക, മാനസി ക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ♦ എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴി വുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- ♦ ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണപരിപാടികൾ ആസൂത്രണം ചെയ്യും.

- ഐ.സി.ടി അധിഷ്ഠിതപഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യ റെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസുമുറികളിൽ ഐ.സി.ടി അധിഷ്ഠിതക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖപഠന തന്ത്രങ്ങൾ ഉപോയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും.
- സ്കൂൾ ലൈബ്രറി. ലബോററ്ററി എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പ്പശാലകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, സെമി നാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, പുതിയ തലമുറിയിൽനിന്നും ഒഴിവാ ക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.
- 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് 'ജൈവവൈവിധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും.
- തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്ക് ഗൈഡൻസ് കൗൺസിലിങ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.
- സ്കൂൾ തലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

## മികവിനായി ഏറ്റെടുക്കുന്ന അക്കാദമിക് തല പ്രവർത്തനങ്ങൾ

നാടിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാര . സ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഒരു സമൂഹ സൃഷ്ടിക്കുതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.

- 7 വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ കഴിയുംവിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള കർമ്മപദ്ധതികൾ എൽ.എസ്.എസ്, യു.എസ്.എസ് പരിശീലനം
- കോർണർ പി.ടി.എ യുടെ പ്രവർത്തനം ശക്തിപ്പെടുത്തി കുട്ടികളുടെ പഠനത്തിന് പിൻതുണ നൽകും.
- സഹവാസക്യാമ്പുകൾ
- പഠനവും ബോധനവും ആഹ്ളാദകരമായ അനുഭവമാക്കി മാറുക.
- കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മക വുമായ പ്രവർത്തനപദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കു കയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
- കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
- ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവൃത്തിപരിചയ ശില്പശാലകൾ
- സ്വയംപഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

- കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പിക്കുക.
- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസം സമാധാനത്തിന് എന്നീ ആശയങ്ങൾ നടപ്പിലാക്കാനും കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.
- ദിനാചരണങ്ങൾ കാര്യക്ഷമമാക്കൽ
- ജന്മദിനസമ്മാനം പുസ്തകശേഖരണം
- ഉൽപന്ന പ്രദർശനങ്ങൾ

# അക്കാദമിക് തല പ്രവർത്തനങ്ങൾ

# വിശദാംശങ്ങൾ



# അക്കാദമികേതര പ്രവർത്തനങ്ങൾ വിശദാംശങ്ങൾ



## ENGLISH Std.I

The goal for the fist grader is to handle English fluently. The first grader must go from small words to big words. They must be able to read , write and speak English, Every child should be able to speak English fluently, like Malayalam we have to keep the language English close to our heart.

**Objective and learning out comes**

- Respond to simple instructions in the class room.
- Describe orally about the picture and objects.
- Familiaries with simple words
- Enjoy songs and sings them with Rhythem and action.

**June**

- Introduce Simple words.
- Provides picture cards

**July**

- Identify Familiar workds
- Say familiar words
- Read familiar words

Write familiar words

**August**

- Enjoy songs and sings them with Rhythm and action
- Describes orally about pictures and objects using adjectives

**September**

- Read and write simple words and simple sentences
- Provides picture cards and reading cards

**October**

- Introduce simple picture descriptions
- Make word chain, sentence chain
- Describing words, rhyming words
- Text book activities

**November**

- Prepare reading cards
- Provide more oppertunities to read, write and speak English

**December**

- Read and understand Simple instructions in the class room

**January**

- Enjoy songs and sings them with Rhythm and action.
- Collect pictures of animals and its young ones

**February**

- English assembly once in a week

**March**

- Speak English fluently Read and write simple sentences.
- Picture reading and picture description.

## ENGLISH- UP

The ultimate aim of language learning is express oneself. To listen, to speak, to read and to write. So we have to give more and more occassions to hear English. So we plan activities to address the lack of occassions of the learners.

| L O A | Language element | Activities |
|---|---|---|
| To read and enjoy poems | Rhymes and poem at Std. V, VI & VII | 1. Read poems<br>2. Find the rhyming words<br>3. Draw the poetic field<br>4. Find the proper tunes<br>5. To hear the audios. |
| To comprehence a prose or story | Stories, write ups. std. V, VI & VII | 1. Read the prose.<br>2. Try to answer the compre hensive questions.<br>3. Find the meaning at the new words.<br>4. Draw the picture the story<br>5. Try to dramatic the story |
| Use of pronouns | I, he, she, they etc. | 1. Activities in the T.B<br>2. Practice the words and us-age in the class.<br>3. T.B Activities |
| Degrees of compansion | Positive, comparative ,superlative | Several occasions to practice the degree in the class room. |

Likewise unknowingly practice all the language forms in the class and create several opportunities to practice the forms.

**Long Term activities**

1. Newspaper reading - V, VI, VII
2. English Diary (  a day in a weak to speak English)
3. Reading time (Story cards, Simple story books)
4. Speak out sessions (To speak of  any thing else)
5. A word for a day (std V) meaning , usage etc.
6. My dictionary (a growing dictionary to every child)
7. Profile gallery (Std VII)
8. Diary at the week (Std, V, VI, VII)

   Read the best diary in the assembly.

# ENGLISH Std.IV

**Aim .** : To speak, Read, & write English without any mistakes

Time - June ,July, August

**Pretest**

- To develop listening skills & reading skills first

**Listening skills**

- Games, Action songs, Hello English activities, conversations, skit stories, Use ICT

**Speaking skills**

- Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

**Reading skills**

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

**Writing skills**

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines.

# സോഷ്യൽ സയൻസ് .യു.പി

**ലക്ഷ്യങ്ങൾ**

1. നമ്മുടെ നാടിന്റെ ചരിത്രം, സംസ്ക്കാരം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാനും അന്വേഷിക്കാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുക, വിവരശേഖരണം നടത്തുക.
2. രാഷ്ട്രപിതാവിന്റെ ജീവിതം, പ്രവർത്തനങ്ങൾ എന്നിവ അടുത്തറിയാനും അതുവഴി ഇന്ത്യയുടെ സ്വാതന്ത്ര്യസമരം, ദേശീയ പ്രസ്ഥാനങ്ങൾ, ദേശീയ നേതാക്കൾ എന്നിവരെ അറിയാനും അവസരം ഒരുക്കുക.
3. ഭൂമിശാസ്ത്രപഠനത്തിൽ താല്പര്യവും ആത്മവിശ്വാസവും വളർത്തുക.
4. ചരിത്രസ്മൃതികളിലൂടെ സഞ്ചരിക്കാനും, അനുഭവമുണ്ടാക്കിക്കൊണ്ട് ചരിത്രപഠനത്തിലൂടെ ചരിത്രബോധമുണ്ടാക്കാനും ശ്രമിക്കുക.

**പ്രവർത്തനങ്ങൾ**

**1. നാടിനെ അറിയാം**

- നമ്മുടെ പഞ്ചായത്ത്, താലൂക്ക്, ജില്ല, സംസ്ഥാനം, രാജ്യം എന്ന ക്രമത്തിൽ പ്രധാനവിവരങ്ങൾ രേഖപ്പെടുത്തി പ്രദർശനസാമഗ്രികൾ പോലെ പാനലുകൾ തയ്യാറാക്കൽ.
- പ്രധാനസ്ഥലങ്ങൾ
- ചരിത്ര പ്രാധാന്യം
- മഹദ്വ്യക്തികൾ
- ഇതിനായി സമീപസ്ഥലമായ സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കൽ, വിവരശേഖരണം രേഖപ്പെടുത്തൽ

**2. ഗാന്ധി കോർണർ**

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെക്കുറിച്ചുള്ള വിവരങ്ങൾ, ജീവിതം, പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, സമരങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി പ്രത്യേകം സജ്ജീകരിക്കുന്ന ഇടം തയ്യാറാക്കൽ.

- ഗാന്ധിജിയുടെ ജീവിതവും പ്രവർത്തനങ്ങളും വ്യക്തമാക്കുന്ന ചിത്രങ്ങൾ.
- ജീവിതസന്ദർഭങ്ങളെ സൂചിപ്പിക്കുന്ന കുറിപ്പുകൾ

- ഗാന്ധിജിയുടെ കൃതികൾ, പ്രസംഗങ്ങൾ
- ഗാന്ധിജിയെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞതും എഴുതിയതുമായ കാര്യങ്ങൾ ശേഖരിച്ച് ചേർക്കൽ.
- ഗാന്ധിസൂക്തങ്ങൾ
- ഗാന്ധിജിയുടെ കത്തുകൾ
- പ്രസംഗങ്ങൾ- വീഡിയോകൾ
- ഗാന്ധിജിയെക്കുറിച്ചുള്ള കവിതകൾ
- ഗാന്ധിജിയും കേരളവും- സന്ദർശന വിവരങ്ങൾ

**4. ചരിത്രസ്മൃതികളിലൂടെ**

- സമീപസ്ഥമായ സ്ഥലങ്ങളിൽ ചരിത്രപ്രധാനമായഇടങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തി പഠനക്കുറിപ്പുകൾ തയ്യാറാക്കൽ.
- പര്യടനങ്ങൾ- ഉളിയത്ത്കടവ്, ബേക്കൽകോട്ട, അറക്കൽ മ്യൂസിയം, ചിറക്കൽ കോവിലകം.
- ചരിത്രപുരുഷൻമാരുമായി അഭിമുഖം നടത്തി വിവരശേഖരണം നടത്തൽ.

# മലയാളം ഒന്നാം ക്ലാസ്

## ആമുഖം

ഒന്നാം ക്ലാസിലെ കട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടോപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി മാരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക...
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ. അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേജ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായിതീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു. ശിൽപശാലയിൽ
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

**ജൂൺ**

**പ്രവർത്തനങ്ങൾ**

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

**ജൂലൈ**

**പ്രവർത്തനങ്ങൾ**

- കുട്ടിക്ക് കഥ പറയാൻ അവസരം വെക്കൽ
- വായന മൂല ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുക്കുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനം അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം തെക്കുന്ന
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

**ആഗസ്ത്**

**പ്രവർത്തനങ്ങൾ**

- റിഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാടാത്ത്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

**സെപ്റ്റംബർ**

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

**ഒക്ടോബർ**

**പ്രവർത്തനങ്ങൾ**

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

**നവംബർ**

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

- താളാത്മകമായി കവിതകൾ ചൊല്ലൽ

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

**ഡിസംബർ**

**പ്രവർത്തനങ്ങൾ**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്നു ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടിയ രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

**ജനുവരി**

**പ്രവർത്തനങ്ങൾ**

- കുട്ടികളെ എഴുത്തിന്റെറെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

**ഫെബ്രുവരി**

**പ്രവർത്തനങ്ങൾ**

ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

**മാർച്ച്**

**പ്രവർത്തനങ്ങൾ**

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

**വിലയിരുത്തൽ പ്രവർത്തനങ്ങൾ.**

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# മലയാളം- രണ്ടാം ക്ലാസ്

1. സന്ദർഭത്തിന് അനുസരണമായി സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുക
2. ആശയഗ്രഹണ വായന
3. ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തെറ്റില്ലാതെ അവതരിപ്പിക്കുക.
4. വ്യക്തിഗത രചനയിൽ ഏർപ്പെടുക, കവിതകൾ ഈണം താളം, ഭാവം ഇവ ഉൾക്കൊണ്ടു ചൊല്ലുക.

**പ്രവർത്തനങ്ങൾ**

1. ചിത്ര കാർഡുകൾ നൽകി ഭാഷണാവസരങ്ങൾ ഉണ്ടാക്കുക.
2. ഭാഷണ സാമഗ്രികൾ നിർമ്മിക്കുക.
3. ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത.
4. ക്ലാസ്സ് ലൈബ്രറി ഒരുക്കൽ (രക്ഷിതാക്കളുടെ സഹായത്തോടെ)
5. ചിത്ര വിവരണം, കഥവായനയിൽ നിന്ന് സംഭാഷണം, ചോദ്യങ്ങൾ നിർമ്മിക്കൽ.
6. വിവിധ പതിപ്പ് നിർമ്മാണം.
7. കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപെടാനുള്ള അവസരം ഒരുക്കുന്നു.
8. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകുഞ്ഞു മാഗസിനുകൾ തയാറാക്കാൻ അവസരം നൽകുന്നു.
9. വരികൾ കൂട്ടിച്ചേർത്തു, ലഘു വിവരണം തയാറാക്കൽ.
10. ഭാഷണം, ലേഖനം എന്നിവ ഉറപ്പുവരുത്തൽ.
11. വീട്ടു വായന, കൂട്ടുവായന, അമ്മവായന, ചിത്രവായന ഇവ പ്രോത്സാഹിപ്പിക്കുന്ന പരിപാടി.

# हिन्दी यु.पि

## भूमिका

केरळ राज्य शिक्षा के क्षेत्र में काफी आगे हौ। इस कार्य में अद्ध्यापकों की भागीदारी बहुत बड़ी है। हिंदी भारत की राष्ट्रभाषा है। हिंदी भाषा भारत की आत्मा है। केरल के विद्यालयों में भी हिंदी भाषा को उतना ही महत्व देकर पढाते हैं। उसकी श्रेष्ठता बनाए रखने का काम हम अध्यापकों पर निर्भर है। हर  विद्दालय में जो साधन उपलब्ध है उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में है। विद्द्यालय का माहौल और पाठ्य प्रक्रिया को मजेदार करके ही हम इस रौक्षिक प्रक्रिया को सफल बना सकेंगे। छोत्रों की भागीदारी उसमें होनी चाहिए। कक्षा-कार्य के साथ छात्रों की कला- अभिरूचि को बढावा देना भी जरूरी है। शिक्षा संबंधी कार्य को शुस्थिर बनेने के लिए हमें विद्यालय के पुस्तकालय हका उचित उपयोग भी करना है। साथ ही अध्यापकों को 11 का  उचित उपयोग करने की खूबी भी होनी चाहिए।

# हिन्दी यु.पि
# विद्यालय की खूबी खूबी

1. पड़ने का अच्छा माहौल
2. पुष्ठाकलाय
3. कम्पयूटर लाब
4. यात्रा सुविधा
5. स्मार्ट क्लास रूप
6. शेष्ट अध्यापक गण

| महीना | गतिविधियाँ |
|---|---|
| 1. जून 5 पर्यावरण दिवस | 1. पेड़ पौधों का वितरण , पोस्टर, प्रतिज्ञा पर्यावरण दिवस |
| 2. जून 19 वाचन दिवस | 2. वाजन काई का वाजन, पोस्टर उध्दोषण |
| 3. जून 26 लोक नश-विषेध दिवस | 3. पोस्टर, प्रतिज्ञा, नारे, भाषण |
| 4. जूलाइ 31 मुंशी प्रेमचंद जयंती | 4. पोस्टर, पेंसिल ड्राइंग |
| 5. आगस्त 15 स्वतंत्रता दिवस | 5. पोस्टर देश भक्ति गीत, संकेत पट |
| 6. सितम्बर 5 अध्यापक दिवस | 6. भाषण, पोस्टर, टिप्पणी लेखन, प्रक्षेतरी, चित्र रचना |
| 7. सितम्बर 14 हिंदी दिवास | 7. पोस्टर्, कविता रचना, नाटक, चित्र रचना, पत्र रचना, कवितालापन |
| 8. ओक्टूबर 2 गांधी जयंधी | 8. पोस्टर , भाषण, पेंसिल ड्राइंग |
| 9. नवंबर 1 केरळ का जन्मदिन | 9. पोस्टर, करल से संबधित गीत सुनाना, केरल के नक्शे की रचना |
| 10. नवंबर 14 बाल दिवस | 10. नेहरू टोपी निर्माण, पोस्टर |
| 11. दिसंबर 25 क्रिस्थमास | 11. क्रिस्थमास कार्ड निर्माण |
| 12. जनुवरि 26 गणतंत्र दिवस | 12. पोस्टर, भाषण, ड्राइंग्स |

# उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की  भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने के लिए विद्यालय में दिनाचरण के अक्सर का पूरा फायदा उठाएँगे। साथ ही पाठ्य प्रक्रिया का भी उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है- हिंदी भाषा का आर्जन।

अकादमिक मास्टर प्लान

छात्रों को स्कूल वातावरम की और लाना है।

अपनी पसंद के अनुसार पठाई प्रक्रियाओं में भाग

लेने का अवसर देना।

ज्ञानवर्धक किताबों का वाचन।

भिन्न भिन्न विषयों का क्लब रूपीकरण।

विछडे छात्रों को आगे लाने की प्रक्रिया देना।

गतिविधियों को सरल बनकर देना

विशेष दिनों का आचरण करना।

शारीरिक और मानसिक रूप में विकल्प बच्चे

जो स्कूल में नी आते उसको छोटी

छोटी वीडियो द्वारा क्लास देना।

हिंदी भाषा की विकास के लिए

लेखन, वाचन आदि को अधिक अवसर देना

डिजिटल माध्यमों का उपयोग करना।

सरल रसीली और आकर्षक किताबे वाचन

करने का अवसर देना।

****

# <u>ENGLISH Std.III</u>

**Aim** : To speak, Read, & write English without any mistakes

**Pretest**

- To develop listening skills & reading skills.

**Listening skills**

- Games, Action songs, rhymes, conversations, skit stories, Use ICT .

**Speaking skills**

- Descriptions, growing sentences , picture reading, picture description self introduction Assembly activities- etc.

**Reading skills**

News paper reading, News reading competition, Reading camp, library books reading, reading breaking news, Textbook activities

**Writing Skills**

Make word web, picture description, word chain, Sentence chain, make words and sentences, make riddles.

| പ്രവേശനോത്സവം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| ♦ 2025-26 പുതിയ അദ്ധ്യയന വർഷത്തെ ആഹ്ലാദത്തോടെ വരവേൽക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.<br><br>♦ ഒന്നാം ക്ലാസിൽ പുതുതായി എത്തുന്ന കൂട്ടുകാർക്ക് വിദ്യാലയം വീടുപോലെതന്നെ ആഹ്ലാദകരമായി അനുഭവപ്പെടാൻ സാഹചര്യം ഒരുക്കുക. | ♦ എല്ലാ ക്ലാസിലും പ്രവേശനോത്സവം ഉൽഘാടനം, അക്ഷരമരം, അക്ഷര ത്തോണി , പഠന കിറ്റ് വിതരണം<br><br>♦ പാഠപുസ്തകം, യൂനിഫോം വിതരണം, മിഠായി വിതരണം, പായസ വിതരണം. | ജൂൺ - 2 | SMC ചെയർമാൻ<br>SSG ചെയർമാൻ<br><br>SRG കൺവീനർ |

# പ്രൊഫൈൽ തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ♦ ഓരോ കുട്ടിയും മുൻ ക്ലാസുകളിൽ നേടേണ്ട പഠന നേട്ടങ്ങൾ, ശേഷി, ആശയ ങ്ങൾ, അറിവുകൾ എത്രമാത്രം നേടി എന്ന് അറിയുക.<br><br>♦ ഓരോ കുട്ടിയുടേയും അഭി രുചി, താൽപര്യം, ഗാർഹി കാന്തരീക്ഷം, ആരോഗ്യവസ്ഥ എന്നിവ രേഖപ്പെടുത്തുക.<br><br>♦ പരിഹാര ബോധന പ്രവർ ത്തനങ്ങൾ നടത്തി മുഴുവൻ കുട്ടികൾക്കും പഠനലക്ഷ്യം കിട്ടയത് ഉറപ്പാക്കുക. | ♦ മുൻക്ലാസുകളിൽ നേടേണ്ട പഠന നേട്ടങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ വർക്ക് ഷീറ്റുകൾ മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ എന്നിവ തയ്യാറാക്കുകയും പ്രീ ടെസ്റ്റ് നടത്തുകയും ചെയ്യുക.<br><br>♦ കുട്ടിയും രക്ഷിതാവും ഒന്നിച്ചും ഒറ്റക്കും അഭിമുഖം നടത്തുക. ഓരോ കുട്ടിയു ടെയും പ്രൊഫൈൽ തയ്യാറാക്കുക.<br><br>♦ മലയാളത്തിളക്കം, ഗണിതം , മധുരം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക. | ജൂൺ 15-30 | ക്ലാസ് അദ്ധ്യാപകർ |

| ദിനാചരണങ്ങൾ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
| ♦ മഹാന്മാർ, സാഹിത്യകാരന്മാർ, സാംസ്കാരിക നായകർ, ശാസ്ത്രജ്ഞർ, തുടങ്ങിയവരുടെ ജന്മ-ചരമദിനങ്ങൾ ആചരിക്കുക.<br>♦ ഇവയിലൂടെ മഹത് വ്യക്തികൾ നമ്മുടെ നാടിന് നൽകിയ സംഭാവനകൾ മനസ്സിലാക്കുക. ചരിത്ര സംഭവങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക. | ♦ ലോകപരിസ്ഥിതി ദിനം, വായനാദിനം (പി.എൻ.പണിക്കർ ചരമദിനം) ചാന്ദ്രദിനം, ഹിരോഷിമ-നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാദിനം, സ്വാതന്ത്ര്യദിനം, കർഷകദിനം, ശ്രീനാരായണ ഗുരുജയന്തി, ഓണാഘോഷം, ഗാന്ധിജയന്തി, ശിശുദിനം, റിപ്പബ്ലിക് ദിനം എന്നിവ സ്കൂൾ തലത്തിൽ വിപുലമായി ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. മറ്റുദിനങ്ങൾ ഐ.സി.ടി സഹായത്തോടെ ബന്ധപ്പെട്ട ക്ലാസ്സുകളിൽ ആചരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കൺവീനർ |

| ക്ലബ്ബുകൾ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
